കഥ

# ദ്വ'യാർത്ഥ'ങ്ങൾ

വിജയകുമാർ കളരിക്കൽ

ഉന്നതാധികാരസ്ഥാനത്തെത്തി അടുത്തൂൺ പറ്റിയ ശേഷമാണ് അദ്ദേഹം നാട്ടിൽ കൊട്ടാര സദൃശമായൊരു വീട് വച്ച് പാർപ്പ് തുടങ്ങിയത്. പാർപ്പ് തുടങ്ങി അടുത്ത നാൾ മുതൽ വീട്ടിൽ ഓരോരോ സംഗമങ്ങളും നടത്തി വന്നു.

വീടിന്റെ പണി ചെയ്തവർക്കു വേണ്ടി,

അയലത്തുകാർക്കു വേണ്ടി,

നാട്ടിലെത്തിയ ശേഷം അദ്ദേഹം അംഗമായിട്ടുള്ള ക്ലബുകാർക്കു വേണ്ടി,

പലയിടങ്ങളിലും അദ്ദേഹവുമൊരുമിച്ച് ജോലി ചെയ്തവർക്കു വേണ്ടി.........

സംഗമങ്ങളെല്ലാം ഓരോ ഉത്സവങ്ങളായിരുന്നു. മദ്യവും മാംസവും ചേർന്ന അന്നപാനങ്ങളും,
സംഗീതവും നൃത്തവും ചേർന്ന ദൃശ്യ വിസ്മയങ്ങളുമായിട്ട്,

ഒരു സംഗമം ബാല്യകാല സുഹൃത്തുക്കൾക്കു വേണ്ടിയും നടത്തിയിരുന്നു. അങ്ങിനെ അയാളും അദ്ദേഹത്തിന്റെ അതിഥിയായെത്തി.

അയാൾ, തനിക്ക് കിട്ടിയ പാത്രവുമായിട്ട് ഭക്ഷണമിരിക്കുന്ന മേശക്കരുകിലെത്തി. ആട്, മാട്, കോഴി, താറാവ്, പന്നി, കേഴ, മാൻ....... എല്ലാം വ്യത്യസ്തമായ നിറങ്ങളിൽ, മണങ്ങളിൽ......

വ്യത്യസ്തമായ കുപ്പികളിൽ, പേരുകളിൽ പാനീയങ്ങളും.....

ഓരോ ഇനങ്ങളുടെ മുന്നിൽ നിൽക്കുമ്പോഴും അയാളോട് സ്വന്തം വയറ് പറയുന്നു, ഇത് നമുക്ക് വേണ്ട, ദഹിക്കില്ല. മനസ്സ് പറയുന്നു, ഇത് നമുക്ക് വേണ്ട മനം മറിച്ചിലുണ്ടാക്കും.......

എല്ലാ ടേബിളുകളും പിന്നിട്ട് കഴിഞ്ഞിട്ടും അയാൾക്കൊന്നും എടുക്കാൻ തോന്നിയില്ല.

അയാളുടെ നിശ്ചലത, നിർവികാരത കണ്ട് ആതിഥേയനായ അദ്ദേഹം വന്നു.

-എന്തു പറ്റിയെന്റെ ബാല്യകാല സഖാവേ....

-ഇതൊന്നും എനിക്ക് കഴിക്കാൻ കഴിയുന്നില്ല... ഇതൊന്നും കഴിച്ച് ശീലമില്ല... ഇതിന് മുമ്പൊരിക്കലും എനിക്കിതൊന്നും കഴിക്കാൻ കഴിഞ്ഞിട്ടില്ല... ഇല്ലായ്മ കൊണ്ടാണ്.....

അദ്ദേഹത്തിന് ചിരി വന്നു, പൊട്ടിച്ചിരിച്ചു.

അദ്ദേഹത്തിന്റെ ചിരി കേട്ട് എല്ലാവരും ശ്രദ്ധിച്ചു. അദ്ദേഹം പറഞ്ഞു തുടങ്ങി.

-എന്റെ പ്രിയ സുഹൃത്തുക്കളെ, ഇവന് ഇതൊന്നും കഴിക്കാൻ പാടില്ലെന്ന്, ദഹിക്കില്ലന്ന്..... നിങ്ങൾക്ക് ഇവനെ അറിയില്ലേ....നമ്മുടെയൊക്കെ ബാല്യ കാല സുഹൃത്ത്, സഹപാഠി, ക്ലാസിലെ ബുദ്ധിജീവി.... സാറന്മാരുടെയൊക്ക കണ്ണിലുണ്ണി... നമ്മുടെ നാടിന്റെ കഥാകാരൻ..... ഞാനോ, എവിടേയും പിന്നിൽ നിന്നവൻ, ധിക്കാരി, തല്ലുകൊള്ളി, ആഭാസൻ.............

സ്വ പാത്രങ്ങളിലേക്ക് തല കുമ്പിട്ടിരുന്ന എല്ലാവർക്കും ഹരം കയറി, കഥകൾ നീട്ടിക്കൊണ്ടുപോകുവാൻ പ്രോത്സാഹിപ്പിച്ചു.

-ഞാനും, എന്റച്ഛൻ തന്ന ഓട്ടക്കാലണയും കൊണ്ടാണ് ജീവിതം തുടങ്ങിയത്... എന്നിട്ടോ, ഞാൻ രുചിക്കാത്ത ഭോജനങ്ങളില്ല, അറിയാത്ത രസങ്ങളില്ല, കാണാത്ത നാടുകളില്ല, എത്തിപ്പെടാത്ത ഇടങ്ങളില്ല. എനിക്ക് മുന്നിൽ അധികാരികൾ ഓച്ഛാനിച്ചു നിന്നിരുന്നു, വാല്യക്കാർ എന്റെ ബൂട്ടു പോലും നക്കി വൃത്തിയാക്കിത്തരാൻ, എന്റെ പാദം കഴുകിയ വെള്ളം തീർത്ഥമാണെന്ന് പറഞ്ഞ് വീടുകളിൽ കൊണ്ടുപോയി സേവിക്കാൻ കാത്തു നിന്നിരുന്നു. എന്റെ മരണത്തെ സർക്കാർ മൂന്നു ദിവസത്തെ ദുഃഖത്തോടെ ആചരിക്കും, ദേശീയമായിട്ട് അവധി കൊടുത്ത് ഖേദിക്കും........

അദ്ദേഹത്തിന്റെ പ്രസംഗം നീണ്ടു പൊയ്ക്കൊണ്ടിരുന്നു. ആഹാരത്തിന്റെ പാത്രങ്ങൾ നിറയുകയും ഒഴിയുകയും ചെയ്തു കൊണ്ടിരുന്നു.

ഒടുവിൽ, അയാൾ ഒരു മൂലയിലേക്ക് മാറി നിന്ന്, ഓക്കാനിച്ച് ഒരു കവിൾ ഛർദ്ദിച്ചു. വായിൽ നിന്നും പുറത്തേക്ക് തെറിച്ചു വീണത് രണ്ടു ദ്വയാർത്ഥങ്ങളുള്ള വാക്കുകളായിരുന്നു. വാക്കുകളുടെ പ്രശസ്തമായ അർത്ഥം സ്ത്രീപുരുഷ ലൈംഗീക അവയവങ്ങളുടെ പേരുകളായിരുന്നു.

തിന്നു മടുത്തവർ വാക്കുകളുടെ അർത്ഥം കണ്ടെത്തിയപ്പോൾ, അയാളെ പുറത്താക്കി, പടിയടച്ച് പിണ്ഡം വച്ചു.

@@@@@@@@